(ബി) ഈ തുക മുഴുവൻ കേരള സംസ്ഥാന ഗവൺമെൻറിന്റെ ഓഹരിമൂലധനമാണ്.

(സി) ഉണ്ട്.

(ഡി) 15,00,000 രൂപ.

(ഇ) 1. സിൻഡിക്കേറ്റ് ബാങ്ക് 7,20,000.00 രൂപ

2. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ 2,79,000.00 ,,

3. കേരളാസ്റ്റേറ്റ് ഫിനാൻഷ്യൽ എൻറർപ്രൈസസ് 28,315.77 ,,

ആകെ 10,27,315.77 ,,

(എഫ്) ആസ്തി —1,34,14,370.76 രൂപ

ബാദ്ധ്യത — 24,53,159.33 രൂപ.

പ്രീ-ഓഡിറ്റിന് ലഭിച്ച ബില്ലുകൾ

1007 [1619] ശ്രീ. വട്ടിയൂർക്കാവ് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ലാ ഡി. ഇ. ഒ. ഓഫീസിൽനിന്നും തിരുവനന്തപുരം ആർ.ഡി.ഡി. ഓഫീസിൽ 1978 ജനുവരി ഒന്നു മുതൽ ഡിസംബർ 31 വരെ പ്രീ-ആഡിറ്റിന് എത്ര ബില്ലുകൾ ലഭിച്ചിട്ടുണ്ട് ;

(ബി) ഇതിൽ എത്ര ബില്ലുകൾ പാസ്സാക്കി അയച്ചുകൊടുത്തിട്ടുണ്ട് ;

(സി) എല്ലാ ബില്ലുകളും പാസ്സാക്കി തിരിച്ചുകൊടുത്തിട്ടില്ലെങ്കിൽ എത്രയും വേഗം പാസ്സാക്കി അയച്ചുകൊടുക്കുന്നതിന് വേണ്ട അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 68

(ബി) 35

(സി) ഈ കാര്യത്തിൽ വേണ്ട സത്വര നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് തിരുവനന്തപുരം ആർ ഡി. ഡി. അറിയിച്ചിട്ടുണ്ട്.

സോഷ്യൽസ്റ്റഡീസ് അദ്ധ്യാപകരുടെ പി. എസ്. സി റാങ്ക് ലിസ്റ്റ്

1008 [1620] ശ്രീ. ടി. എ. പരമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം റവന്യു ജില്ലയിൽ നിയമിക്കപ്പെടുന്നതിനായി സോഷ്യൽസ്റ്റഡീസ് അദ്ധ്യാപകരുടെ ലിസ്റ്റ് ഏറ്റവും ഒടുവിൽ പി. എസ്. സി. തയ്യാറാക്കിയതെന്നാണ് ;

(ബി) ഈ ലിസ്റ്റിന്റെ കാലാവധി എന്ന് അവസാനിക്കും?

LIBRARY ARCHIVES Kerala Legislative Assembly